LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് പ്രവൃത്തികൾ

227(1296) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെയും പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെയും ഓരോ പ്രവൃത്തിക്കും ലഭിച്ച ഫണ്ടുകളെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെയും പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെയും ഓരോ പ്രവൃത്തിക്കും ലഭിച്ച ഫണ്ടുകളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ദേശീയപാത നിരത്ത്, കെട്ടിടവിഭാഗങ്ങൾ എന്നിങ്ങനെ അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.*

പി.ഡബ്ല്യു.ഡി. റോഡുകൾ

228(1297) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമ പഞ്ചായത്തിൽ പി.ഡബ്ല്യു.ഡി. മുഖേന എത്ര കിലോമീറ്റർ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പഞ്ചായത്തിൽ പി.ഡബ്ല്യു.ഡി.-യുടെ അധീനതയിൽ എത്ര കിലോമീറ്റർ റോഡുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ 10 കി.മീ. റോഡാണുള്ളത്. ആയതിന്റെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്